**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 457** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയുടെ ദുരുപയോഗം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യ ദുരുപയോഗം ചെയ്ത് മോർഫ് ചെയ്ത വിഡിയോകളും ഫോട്ടോകളും പ്രചരിപ്പിക്കുന്നത് സംബന്ധിച്ച പരാതികൾ വർദ്ധിച്ച് വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഡീപ്പ് ഫേക്ക് തട്ടിപ്പുകൾ, വോയ്സ് ക്ലോണിംഗ് എന്നിവയിലൂടെ പണം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് കേരളത്തിൽ ആദ്യമായി കോഴിക്കോട് ജില്ലയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതിയെ കേരളാ പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി കേരളാ പോലീസ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ AI Task Force രൂപീകരിച്ചിട്ടുള്ളതും നൂതനമായ ഇത്തരം തട്ടിപ്പുകൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ ട്രെയിനിംഗുകൾ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി വരികയും ചെയ്യുന്നു. AI തട്ടിപ്പുകൾക്കെതിരെ ഭാരതീയ ന്യായ സൻഹിത, ഇൻഫർമേഷൻ ടെക്നോളജി ആക്ട് എന്നിവ പ്രകാരം കേരളാ പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തു വരികയും, കുറ്റകരമായ രീതിയിലുള്ള defamatory വീഡിയോകൾ/ഫോട്ടോകൾ സമൂഹമാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്യുകയും അവ നിർമിക്കുന്നവർക്കെതിരെയും പ്രചരിപ്പിക്കുന്നവർക്കെതിരെയും പരാതിയുടെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**